Jagratha 054

Vol.2, Issue 20
12-06- 2008

Kerala Catholic Bishops' Council's

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

*01.കന്യാസ്ത്രീകൾക്കെതിരെ വനിതാ കമ്മീഷൻ നൽകിയ ശിപാർശകൾ പ്രതിഷേധാർഹം.*

*02. വനിതാ കമ്മീഷനിൽ ക്രൈസ്തവ സമൂഹത്തിന് പ്രാതിനിധ്യം നൽകണം.*

*03. വനിതാ കമ്മീഷൻ, ശിപാർശകൾ പിൻവലിച്ച് രാജി വയ്ക്കണം.*

*04. കെ.സി.വൈ.എം മനുഷ്യസ്നേഹി അവാർഡ് (K.C.Y.M News)*

*05. തീരദ്ദേശ വികസനത്തിന് കെ.സി.വൈ.എം -ന്റെ നിർദ്ദേശങ്ങൾ (K.C.Y.M News)*

## 01. കന്യാസ്ത്രീകൾക്കെതിരെ വനിതാ കമ്മീഷൻ നൽകിയ ശിപാർശകൾ പ്രതിഷേധാർഹം :

ഐക്യ-ജാഗ്രതാ കമ്മീഷൻ (04-05-2008)

പെൺകുട്ടികളെ 18 വയസ്സിനു മുൻപ് കന്യാസ്ത്രീകളാക്കാൻ മഠത്തിലേക്ക് പറഞ്ഞയയ്ക്കുന്ന മാതാപിതാക്കൾക്കെതിരെ നിയമനടപടികൾ വേണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ സംസ്ഥാനസർക്കാരിനോട് ശിപാർശ ചെയ്തു. കമ്മീഷൻ ശിപാർശകൾ വനിതാ കമ്മീഷനദ്ധ്യക്ഷ ജസ്റ്റിസ് ഡി. ശ്രീദേവിയാണ് വെളിപ്പെടുത്തിയത്. കന്യാസ്ത്രീകളെ സംബന്ധിക്കുന്ന അഞ്ച് ശിപാർശകളാണ് വനിതാ കമ്മീഷൻ നൽകിയിരിക്കുന്നത്. ഒന്നാമത്തേത്, 18 വയസ്സിനു മുൻപ് കന്യാസ്ത്രീകളാക്കാൻ മഠത്തിലേക്ക് പറഞ്ഞയയ്ക്കുന്ന മാതാപിതാക്കൾക്കെതിരെ നിയമനടപടി വേണമെന്നാണ്. സ്വമേധയാ കന്യാസ്ത്രീകളാകാൻ താൽപര്യമുള്ളർക്ക് പ്രായപരിധി നിശ്ചയിക്കണമെന്നതാണ് രണ്ടാമത്തെ ശിപാർശ. സന്യാസ ജീവിതം മടുത്ത് പുറത്തു വരുന്നവരെ പുനഃരധിവസിപ്പിക്കണമെന്നതാണ് മൂന്നാമത്തെ നിബന്ധന. കന്യാസ്ത്രിയാകാൻ കുട്ടികളെ നിർബന്ധിക്കാൻ പാടില്ലെന്നതാണ് നാലാമത്തെ നിബന്ധന. കന്യാസ്ത്രിയാകുന്നവരുടെ സ്വത്തുക്കൾ അവരുടെ പേരിൽതന്നെ വ്യവസ്ഥ ചെയ്യണമെന്നതാണ് അഞ്ചാമത്തെ നിബന്ധന.

വനിതാ കമ്മീഷന്റെ ശിപാർശകൾക്കെതിരെ വൻപ്രതിഷേധമുയർന്നു വന്നു. കാര്യങ്ങൾ മനസ്സിലാക്കാതെ, ക്രൈസ്തവ സമൂഹത്തിന്റെ കാനൻനിയമങ്ങളെക്കുറിച്ച് ധാരണപോലുമില്ലാതെയാണ് വനിതാ കമ്മീഷൻ സംസ്ഥാന സർക്കാരിന് ഉപദേശം നൽകിയത്. ഉത്തരവാദിത്തപ്പെട്ട സ്ഥാനമാനങ്ങൾ വഹിക്കുന്നവർ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന പരാമർശങ്ങൾ നടത്തുന്നതിനു മുമ്പ് ആവശ്യമായ ആലോചനയും പഠനവും അന്വേഷണവും നടത്തേണ്ടതായിരുന്നു. കത്തോലിക്കാ സഭയിലെ എല്ലാ സന്യാസ സഭകൾക്കും കാനൻ നിയമം അനുശാസിക്കുന്ന നിയമാവലിയുണ്ട്. ഇത് ആഗോള തലത്തിൽ അംഗീകരിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു കാര്യമാണ്. കത്തോലിക്കാ സഭയുടെ കാനൻ നിയമമനുസരിച്ച് (കാനോൻ 449, 517 മുതലായവ) ഒരാൾക്ക് സന്യാസിനിയായി വ്രതവാഗ്ദാനം നടത്തുന്നതിന് 18 വയസ്സെങ്കിലും പൂർത്തിയായിരിക്കണം. ഈ പ്രായപരിധി എത്താത്തയാൾ വ്രതവാഗ്ദാനം നടത്തിയാൽ അത് അതിനാൽതന്നെ അസാധുവാണ്. സന്യാസിനിയാകുവാൻ ഒരു വ്യക്തി തീരുമാനമെടുക്കുന്നത് സ്വന്തം ഇഷ്ടത്താലാണ്. സന്യാസ ജീവിതത്തെ കെട്ടുറപ്പിക്കുന്നത് ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങളാണ്.

ദാരിദ്ര്യവ്രതം സ്വീകരിക്കുന്ന വ്യക്തി തന്റേതായ് ഒരു സമ്പത്തും വെയ്ക്കാറില്ല. താനുൾപ്പെട്ടിരിക്കുന്ന സമൂഹത്തിന്റെ സ്വത്ത് എല്ലാവർക്കും ഉപയോഗിക്കാനുള്ളതാണ്. ഏതു സമയത്തും ഒരു വ്യക്തിക്ക് സന്യാസം ഉപേക്ഷിക്കുവാനുള്ള സ്വാതന്ത്ര്യവും അവകാശവും ഉണ്ട്. സന്യാസസമൂഹത്തിൽനിന്ന് വിട്ടു പോകുന്ന വ്യക്തിയെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദേശങ്ങളും സഹായങ്ങളും സന്യാസഹമൂഹം ചെയ്യുന്നുണ്ട്.

വനിതാ കമ്മീഷൻ എടുത്തുചാടി യാതൊരു ഗൃഹപഠനവും നടത്താതെ ഇങ്ങനെയൊരു പ്രസ്താവന നടത്തിയതിനു പിന്നിൽ അപകടകരമായ മുൻവിധികളും അസഹിഷ്ണുതയും ഒളിഞ്ഞിരിക്കുന്നു. വസ്തുതകൾ മനസ്സിലാക്കാതെ, കാനോൻ നിയമത്തെപ്പറ്റിയുള്ള അടിസ്ഥാന അറിവില്ലാതെ നടത്തിയ പ്രസ്താവനകൾ സന്യാസ ജീവിതത്തെ അധിക്ഷേപിക്കുന്നതാണ്. മതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കരിതേച്ചു കാണിക്കുവാനുള്ള ചിലരുടെ ഗൂഢശ്രമത്തിന്റെ ഭാഗമാണ് ഈ പുതിയ നീക്കം. തങ്ങൾക്ക് ലഭിച്ചുവെന്ന് പറയുന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുകയോ പഠിക്കുകയോ ചെയ്യാതെ തിടുക്കത്തിൽ പത്രപ്രസ്താവനകൾ നടത്തിയതിനു പിന്നിൽ ഹിഡൻ ആജണ്ടയുണ്ട്. വനിതാ കമ്മീഷനിൽ ക്രൈസ്തവ സമൂഹത്തിന് പ്രാതിനിധ്യം ഇല്ലാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള സത്യവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ പ്രസ്താവനകളിറക്കുവാൻ കാരണമായത്. ക്രൈസ്തവ സമൂഹത്തിന്റെ വീക്ഷണങ്ങൾ പറയുവാൻ വനിതാ കമ്മീഷനിൽ ആളില്ല. കേരളത്തിലെ എല്ലാ മതവിഭാഗങ്ങൾക്കും വനിതാ കമ്മീഷനിൽ പ്രതിനിധ്യം ഉള്ളപ്പോൾ കേരളത്തിലെ കെട്ടുറപ്പുള്ള സമൂഹമായ ക്രൈസ്തവ സമൂഹത്തിന് മാത്രം വനിതാ കമ്മീഷനിൽ പ്രാതിനിധ്യം നൽകാത്തത് ശരിയായ നിലപാടല്ല. അതുകൊണ്ട് ക്രൈസ്തവ സമൂഹത്തിന്റെ വികാരങ്ങളെ ഉൾക്കൊള്ളുവാനും വനിതാ കമ്മീഷനിൽ ക്രൈസ്തവ പ്രാതിനിധ്യം ഉറപ്പു വരുത്തുവാനും സംസ്ഥാന സർക്കാർ തയ്യാറാവണം.

### 02. വനിതാ കമ്മീഷനിൽ ക്രൈസ്തവ സമൂഹത്തിന് പ്രാതിനിധ്യം നൽകണം :

ഐക്യ- ജാഗ്രതാ കമ്മീഷൻ (05-06-2008)

വനിതാ കമ്മീഷനിൽ ക്രൈസ്തവ സമൂഹത്തിന് പ്രാതിനിധ്യം നൽകണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു. വനിതാ കമ്മീഷനിൽ ക്രൈസ്തവ പ്രാതിനിധ്യത്തിന്റെ അഭാവമാണ് സത്യവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ പ്രസ്താവനകളിറക്കുവാൻ കാരണമായത്. വേണ്ടത്ര പഠനമോ ഉപദേശമോ ലഭിക്കാതെ നടത്തുന്ന പ്രസ്താവനകൾ ദൂരവ്യാപകമായ വിപത്ത് ക്ഷണിച്ചുവരുത്തുകയും മതവികാരങ്ങളെ വ്രണപ്പെടുത്തുകയും ചെയ്യും. ക്രൈസ്തവ സമൂഹത്തിന്റെ വീക്ഷണങ്ങൾ പറയുവാൻ വനിതാ കമ്മീഷനിൽ ആളില്ല. കേരളത്തിലെ എല്ലാ മതവിഭാഗങ്ങൾക്കും വനിതാ കമ്മീഷനിൽ പ്രാതിനിധ്യം ഉള്ളപ്പോൾ കേരളത്തിലെ പ്രബല സമൂഹമായ ക്രൈസ്തവ സമൂഹത്തിനു മാത്രം വനിതാ കമ്മീഷനിൽ പ്രാതിനിധ്യം നൽകാത്തത് ശരിയായ നടപടിയല്ല. അതുകൊണ്ട് ക്രൈസ്തവ സമൂഹത്തിന്റെ വികാരങ്ങളെ ഉൾക്കൊള്ളുവാനും വനിതാ കമ്മീഷനിൽ ക്രൈസ്തവ പ്രതിനിധ്യം ഉറപ്പു വരുത്തുവാനും സംസ്ഥാന സർക്കാർ തയ്യാറാവണം. കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭ്യർത്ഥിച്ചു.

### 03. വനിതാ കമ്മീഷൻ ശിപാർശകൾ പിൻവലിച്ച് രാജി വയ്ക്കണം :

കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ (09-06-2008)

കന്യാസ്ത്രീകളെയും ആഗോളക്രൈസ്തവ സമൂഹത്തെയും ഒന്നടംങ്കം അധിഷേപിക്കുന്ന രീതിയിൽ സംസ്ഥാന സർക്കാരിന് ശിപാർശകൾ നൽകിയ വനിതാ കമ്മീഷനിലെ അംഗങ്ങൾ ശിപാർശകൾ പിൻവലിച്ച് രാജിവയ്ക്കണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു. കന്യാസ്ത്രീകളെക്കുറിച്ചോ ആഗോള സന്യാസ വ്യവസ്ഥകളെക്കുറിച്ചോ അടിസ്ഥാന അറിവുപോലുമില്ലാതെ ശിപാർശകൾ നൽകിയിട്ട് അത് പിൻവലിക്കാതെ, ശിപാർശകളിൽ, വനിതാ കമ്മീഷൻ ഉറച്ചു നിൽക്കുന്നത് അപലപനീയമാണ്. വനിതാ കമ്മീഷന്റെ പ്രസ്താവന കേരളത്തിലെ കന്യാസ്ത്രീകളെ മാത്രമല്ല, ആഗോള സന്യാസ വ്യവസ്ഥയെക്കൂടി അധിഷേപിച്ചിരിക്കയാണ്. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും വനിതാ കമ്മീഷനെതിരെ ശക്തമായ പ്രതിഷേധമുയർന്നിട്ടും

കമ്മീഷനു തെറ്റു പറ്റിയെന്ന് സമ്മതിക്കാത്തത് ക്രൈസ്തവ സമൂഹത്തെ അധിക്ഷേപിക്കുന്നതിന് വേണ്ടിയുള്ള ഹിഡൻ അജണ്ടയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വനിതാ കമ്മീഷനിൽ ക്രൈസ്തവ സമൂഹത്തിന് പ്രാതിനിധ്യം ഇല്ലാത്തതുകൊണ്ട് ക്രൈസ്തവ സമൂഹത്തിന്റെ ദർശനങ്ങളും കാഴ്ചപാടുകളും വനിതാ കമ്മീഷനിൽ പറയുവാൻ സാധിക്കുകയില്ല. അതുകൊണ്ട് വനിതാ കമ്മീഷനിൽ ക്രൈസ്തവ സമൂഹത്തിന് പ്രാതിനിധ്യം നൽകണം.

കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷന്റെ നേതൃത്വത്തിൽ പാലാരിവട്ടം, പി.ഒ.സിയിൽ ചേർന്ന പ്രതിഷേധ യോഗത്തിൽ ഐക്യ-ജാഗ്രതാ കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ അധ്യക്ഷത വഹിച്ചു. പി.ഒ.സി ഡയറക്ടർ റവ.ഡോ. സ്റ്റീഫൻ ആലത്തറ, റവ.ഫാ. ജോണി കൊച്ചുപറമ്പിൽ, സിസ്റ്റർ ഷിജി എന്നിവർ പ്രസംഗിച്ചു.

## 04. കെ.സി.വൈ.എം മനുഷ്യസ്നേഹി അവാർഡ്

കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ കുടുംബ പ്രേഷിത രംഗത്തും ആതുരസേവനത്തിനും ഊന്നൽ നല്കികൊണ്ട് ജീവകാരുണ്യപ്രവർത്തനം നടത്തുന്ന ഒരു അത്മായ പ്രേഷിതന് മനുഷ്യസ്നേഹി ഫൗണ്ടേഷന്റെ പ്രഥമ മനുഷ്യസ്നേഹി അവാർഡ് നൽകുന്നു. ദൈവദാസനായ തിയോഫിനച്ചന്റെ നാമധേയത്തിലാണ് 10001 രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്ന ഈ അവാർഡ്. 2008 ആഗസ്റ്റ് 3-ാം തീയതി തിയോഫ്നച്ചന്റെ ജൻമദേശമായ കോട്ടപ്പുറം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടക്കുന്ന പൊതുസമ്മേളനത്തിൽ അവാർഡ് സമ്മാനിക്കും.

*നിബന്ധനകൾ*

*1. കത്തോലിക്കാ വിശ്വാസത്തിൻ പെട്ടവരായിരിക്കണം.*

*2. ഒരു രൂപതയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഒരു അപേക്ഷ മാത്രം സംസ്ഥാനതലത്തിലേക്ക് അയയ്ക്കുക.*

*3. കുടുംബ പ്രേഷിത രംഗത്തും ജീവകാരുണ്യപ്രവർത്തന രംഗത്തും സജീവമായി പ്രവർത്തിക്കുന്നവരാകണം.*

*4. കേരളത്തിനുള്ളിൽ പ്രവർത്തന മേഖലയുള്ളവരായിരിക്കണം.*

*5. കെ.സി.വൈ.എം രൂപതാ പ്രസിഡന്റിന്റെയും ഡയറക്ടറച്ചന്റെയും നേതൃത്വത്തിൽ ജൂറി തെരഞ്ഞെടുക്കുന്ന ഒരു അപേക്ഷ മാത്രം സംസ്ഥാന തലത്തിലേക്ക് അയയ്ക്കുക.*

*6. 2008 ജൂലൈ ഒന്നിനു മുമ്പ് സംസ്ഥാന ഡയറക്ടറുടെ പേരിൽ അപേക്ഷകൾ കെ.സി.വൈ.എം സംസ്ഥാന ഓഫീസിൽ ലഭിക്കേണ്ടതാണ്.*

*7. അവാർഡ് ലഭിക്കാൻ അർഹതയുള്ള വ്യക്തിയുടെ പ്രവർത്തനമേഖലയെക്കുറിച്ച് വിവരണം ഒരു പേജിൽ കുറയാതെ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.*

*8. അപേക്ഷയോടൊപ്പം 5 കളർ പാസ്പോർട്ട് സൈസ് ഫോട്ടോകൾ കൂടി നൽകേണ്ടതാണ്.*

*9. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.*

## 05. തീരദ്ദേശ വികസനത്തിന് കെ.സി.വൈ.എം -ന്റെ നിർദ്ദേശങ്ങൾ (K.C.Y.M News)

തീരമേഖലയോടുള്ള അവഗണന അവസാനിപ്പിച്ച് തീരദേശത്തിന്റെ വികസനത്തിനും തീരജനതയുടെ തീരാശാപത്തിനും അറുതിവരുത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ തീരദേശ രക്ഷായാത്ര നടത്തി. 2008 മെയ് 15-ന് മുനമ്പത്തു നിന്നാരംഭിച്ച യാത്ര 17-ാം തീയതി തിരുവനന്തപുരം ശംഖുമുഖത്ത് സമാപിച്ചു. തീരദേശത്തിന്റെ വിവിധങ്ങളായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് തീരദേശ വിതസനത്തിനായി ഇരുപതോളം ആവശ്യങ്ങൾ സമൂഹ മദ്ധ്യത്തിൽ അവതരിപ്പിച്ച യാത്ര തീരനിവാസികൾ വളരെ ആവേശത്തോടെ സ്വീകരിച്ച് കെ.സി.വൈ.എം-ന് ഒപ്പം ചേർന്നു.

## തീരദേശ വികസനത്തിനായി സർക്കാർ സമക്ഷം കെ.സി.വൈ.എം സമർപ്പിക്കുന്ന നിർദേശങ്ങൾ

1. സുനാമി ഫണ്ട് സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കുക.
2. കേന്ദ്രത്തിൽ ഫിഷറീസ് വകുപ്പ് രൂപീകരിക്കുവാൻ സമ്മർദ്ദം ചെലുത്തുക.
3. തീരദേശ വികസന അതോറിറ്റി രൂപീകരിക്കുക.
4. അറബിക്കടലിനെ വന്ധ്യയാക്കുന്ന വിദേശ ട്രോളറുകളുടെ ലൈസൻസ് റദ്ദാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.
5. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തി അടിയന്തിരമായി പണി പൂർത്തിയാക്കുക.
6. മത്സ്യ ബന്ധന ജില്ലകളിൽ ഫിഷറീസ് ഹാർബറുകൽ പണിയുക.
7. എറണാകുളം, ആലപ്പുഴ ജില്ലകളെ ബന്ധിപ്പിക്കുന്ന തീരദേശ ഹൈവേയുടെ പണി പൂർത്തീകരിച്ച്, തീരദേശ ബസ് സർവീസ് പൂർണമായും ആരംഭിക്കുക.
8. മത്സ്യബന്ധനത്തിന് സബ്സിഡി നിരക്കിൽ ഇന്ധനം ലഭ്യമാക്കുക.
9. പ്രതിസന്ധികൾ ഒഴിവാക്കി വിഴിഞ്ഞം ഹാർബറിന്റെ നിർമാണം പൂർത്തീകരിക്കുക.
10. തീരദേശത്തെ കുടിവെള്ള ക്ഷാമം അടിയന്തിരമായി പരിഹരിക്കുക.
11. സുനാമി ബാധിത പ്രദേശങ്ങളിലെ റോഡുകളുടെയും പാലങ്ങളുടെയും പണി അടിയന്തിരമായി പൂർത്തീകരിക്കുകയും സുനാമി ബാധിത അന്ധകാരനാഴിയിലെ സ്പിൽവേ പാലങ്ങൾ പുനഃനിർമിക്കുകയും ചെയ്യുക.
12. പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ തൊഴിലവകാശങ്ങളും തീരഭൂമിമേലുള്ള അവകാശങ്ങളും സംരക്ഷിച്ചു മാത്രം കടലോര ടൂറിസം പദ്ധതി നടപ്പിലാക്കുക.
13. കടൽത്തീരം ശാസ്ത്രീയമായി കടൽഭിത്തി നിർമ്മിച്ചും കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിച്ചും സംരക്ഷിക്കുക.
14. മത്സ്യതൊഴിലാളി ക്ഷേമനിധിയിലേക്ക് കയറ്റുമതിക്കാരുടെ വിഹിതം ഉറപ്പു വരുത്തുന്നതിനായി നിയമ നിർമ്മാണം നടത്തുക.
15. മുഴുവൻ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുക.
16. മത്സ്യത്തൊഴിലാളികളുടെ മുഴുവൻ കടങ്ങളും മത്സ്യത്തൊഴിലാളി കടാശ്വാസ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുക.
17. തീരപ്രദേശത്ത് ശുചീകരണ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുക.
18. സുനാമി ഫണ്ടിൽ നിന്ന് ടൂറിസത്തിനായി നീക്കിവച്ചിരിക്കുന്ന തുകയുടെ 50% മറ്റ് തീരവികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക.
19. സുനാമി ബാധിതപ്രദേശമായ ആലപ്പുഴ ജില്ലയിലെ ആന്ധകാരനഴിക്കുള്ള സ്പെഷ്യൽ പാക്കേജ് തുക പൂർണ്ണമായും അനുവദിക്കുകയും അന്ധകാരനാഴിയിലെ മണൽവാരൽ നിരോധിക്കുകയും ചെയ്യുക.
20. വികസനത്തിന്റെ പേരിൽ ഭൂമാഫിയകൾക്കും ടൂറിസം മാഫിയകൾക്കും വേണ്ടി തീരം വിൽപ്പനചരക്കാക്കാൻ പോകുന്ന CZM നിയമം അംഗീകരിക്കാതിരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.